KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ 510, തൃശ്ശൂർ – 680 020, കേരളം, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg　　　　　　　　　　　　　　　　　　　　　　തിയ്യതി : 14.12.2022

## സർക്കുലർ നമ്പർ 85/2022 (BD)

വിഷയം: **" നേട്ടം " നിക്ഷേപ പദ്ധതി** എന്ന പേരിൽ പുതിയ സ്ഥിര നിക്ഷേപ പദ്ധതി ആരംഭിക്കുന്നതു സംബന്ധിച്ച്

** ** **

കോവിഡ് 19 മഹാമാരിയുടെ കാഠിന്യത്തിൽ നിന്നും ഏറെക്കുറെ മുക്തമായ കേരള ജനതയ്ക്കായി ഒരു പുതിയ നിക്ഷേപ പദ്ധതി കെ.എസ്.എഫ്.ഇ. ആരംഭിക്കുന്നു. **" നേട്ടം" നിക്ഷേപ പദ്ധതി** എന്ന പേരിലുള്ള പ്രസ്തുത പദ്ധതിയുടെ പ്രത്യേകതകൾ താഴെ കൊടുക്കുന്നു.

1. കാലാവധി - 400 ദിവസം
2. പലിശ നിരക്ക് - 8% p.a.
3. കുറഞ്ഞ നിക്ഷേപ സംഖ്യ – 25000/- പരമാവധി സംഖ്യയ്ക്ക് പരിധിയില്ല. നിക്ഷേപ സംഖ്യ നിലവിലുള്ള നിബന്ധനകൾക്കു വിധേയമായി പണമായോ ചെക്കായോ ട്രാൻസ്ഫർ മുഖേനയോ അടയ്ക്കാവുന്നതാണ്..
4. വരിക്കാർക്ക് ചിട്ടിപ്പണം ഉപയോഗപ്പെടുത്തിയും പ്രസ്തുത സ്കീമിൽ അംഗങ്ങൾ ആകാം.
5. നിക്ഷേപം മുൻകൂർ ക്ലോസ് ചെയ്യുന്ന അവസരത്തിൽ ഒരു മാസത്തിനു മുമ്പാണെങ്കിൽ പലിശയ്ക്കു അർഹതയുണ്ടായിരിക്കുകയില്ല. എന്നാൽ ഒരു മാസവും അതിനു ശേഷവുമാണെങ്കിൽ നിലവിലെ സുഗമ പലിശ നിരക്കിൽ പലിശയ്ക്കു അർഹതയുണ്ടായിരിക്കും.
6. ഫിക്സഡ് ഡെപ്പോസിറ്റ് ലോൺ അനുവദിക്കൽ, ഫിക്സഡ് ഡെപ്പോസിറ്റ് രസീതി പണയം നൽകൽ എന്നിവ സാധാരണ നിക്ഷേപ പദ്ധതിയിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും.
7. നേട്ടം നിക്ഷേപ പദ്ധതിയ്ക്ക് ഇതിനായി തയ്യാറാക്കിയ പ്രത്യേക അപേക്ഷാഫോം ഉപയോഗിക്കേണ്ടതാണ്.
8. "നേട്ടം നിക്ഷേപം" എന്ന പേരിൽ ഒരു സീൽ തയ്യാറാക്കി പ്രസ്തുത നിക്ഷേപ രസീതിയിൽ പതിപ്പിക്കാവുന്നതാണ്.

നിക്ഷേപ പലിശയെ ആശ്രയിച്ചു ജീവിക്കുന്ന സാധാരണ വിഭാഗങ്ങൾക്ക് ഇത്തരത്തിൽ കൂടുതൽ ആനുകൂല്യം നൽകുന്നതുവഴി അവരോടുള്ള സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുക കൂടിയാണ് നാം ചെയ്യുന്നത്. ആയതിനാൽ പരമാവധി പ്രചാരണങ്ങൾ നൽകി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനു ജീവനക്കാരുടെ ഭാഗത്തു നിന്നും ആത്മാർത്ഥമായ പരിശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

**" നേട്ടം " നിക്ഷേപ പദ്ധതി 15.12.2022** മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

ഡോ.സനിൽ എസ്.കെ
**മാനേജിംഗ് ഡയറക്ടർ**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ

KSFE

**കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**

(ഒരു കേരള സർക്കാർ സ്ഥാപനം)

രജി.ഓഫീസ്:'ഭദ്രത', പി.ബി.നമ്പർ 510,മ്യൂസിയം റോഡ്,തൃശ്ശൂർ-680020

**നേട്ടം സ്ഥിര നിക്ഷേപത്തിനുള്ള അപേക്ഷ**

സ്വീകർത്താവ്

സ്ഥലം :
തിയ്യതി :

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
------------------------------------ശാഖ

സർ,

ഞാൻ /ഞങ്ങൾ ---------------------------------രൂപ (---------------------------------------രൂപ) താങ്കളുടെ സ്ഥാപനത്തിൽ സ്ഥിര നിക്ഷേപമായി -------------വാർഷിക പലിശ നിരക്കിൽ 400 ദിവസത്തേയ്ക്ക് നിക്ഷേപിക്കുവാൻ ആഗ്രഹിക്കുന്നു. ആയതിനാൽ ഞാൻ /ഞങ്ങൾ--------------------------------രൂപ (--------------------------രൂപ) പണമായി /----------------------------ബാങ്കിന്റെ -----------------------നമ്പറുള്ള ----------------തിയ്യതിയിലെ ഡിമാന്റ് ഡ്രാഫ്റ്റ് ആയി /--------------------------------അക്കൗണ്ടിൽ നിന്നും മാറ്റി തന്നിരിക്കുന്നു.

* അതിനാൽ എന്റെ /ഞങ്ങളുടെ പേരിൽ കൂട്ടായി / അല്ലെങ്കിൽ ഞങ്ങളിൽ ആരുടെയെങ്കിലും പേരിൽ അല്ലെങ്കിൽ ഞങ്ങളിൽ ആദ്യത്തെയാൾ / ജീവിച്ചിരിക്കുന്നയാളുടെ പേരിൽ സ്ഥിര നിക്ഷേപ രശീതി തരേണ്ടതാണ്.

* നിക്ഷേപ രശീതി ഡിസ്ചാർജ്ജ് ചെയ്ത് തിരികെ സമർപ്പിക്കുമ്പോൾ മേൽ പറഞ്ഞ ക്രമ പ്രകാരം തന്നെ പിൻവലിക്കാൻ എനിക്ക് / ഞങ്ങൾക്ക് അർഹതയുണ്ട്.

* കമ്പനി നിക്ഷേപ അക്കൗണ്ട് തുടങ്ങാനുള്ള അപേക്ഷയുടെ പിറകിലുള്ള നിയമാവലി ഞാൻ /ഞങ്ങൾ വായിച്ചു മനസ്സിലാക്കി അംഗീകരിച്ചിട്ടുണ്ട്.

*( ആവശ്യമില്ലാത്തവ വെട്ടിക്കളയുക)

നോമിനിയുടെ വിവരങ്ങൾ

പേര് :

മേൽവിലാസം :

നിക്ഷേപകനുമായുള്ള ബന്ധം :

നോമിനിയുടെ പ്രായം :

വിശ്വസ്തതയോടെ

നിക്ഷേപകന്റെ ഒപ്പ്

പരിചയപ്പെടുത്തിയ/ ക്യാൻവാസിങ്ങ് ചെയ്ത വ്യക്തിയുടെ വിവരങ്ങൾ

പേരും മേൽവിലാസവും

ഒപ്പ്

---

നിക്ഷേപകന്റെ വിവരങ്ങൾ

നിക്ഷേപകന്റെ പേര്

മേൽവിലാസം

(പിൻകോഡ് സഹിതം)

ജനനതിയ്യതി------------------------------പാൻ നമ്പർ---------------------------------ടെലഫോൺ നമ്പർ-------------------------

---

ഒപ്പിന്റെ മാതൃക

1.
2.
3.

---

(ഓഫീസ് ഉപയോഗത്തിനു മാത്രം)

നിക്ഷേപ രശീതി നമ്പർ

നിക്ഷേപ തിയ്യതി

കാലാവധി പൂർത്തിയാവുന്ന തിയ്യതി

അസിസ്റ്റന്റ് മാനേജർ/ മാനേജർ

നിയമാവലിക്കായി മറുപുറം നോക്കുക

# നേട്ടം സ്ഥിര നിക്ഷേപ പദ്ധതിയുടെ നിയമാവലി

1. കമ്പനിയുടെ നേട്ടം സ്ഥിര നിക്ഷപ പദ്ധതിയിൽ നിക്ഷേപിക്കാനുള്ള കാലാവധി 400 ദിവസമാണ്. കുറഞ്ഞത് 25000/- രൂപയും അതിൽ കൂടുതൽ പരിധിയില്ലാതെ നിക്ഷേപം സ്വീകരിക്കുന്നതാണ്.

2. നിക്ഷേപം ആരംഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് നൽകേണ്ടതാണ്.

3. വ്യക്തികളുടെ പേരിലോ രണ്ടുപേരുടെ പേരിൽ കൂട്ടായോ / സ്ഥാപനങ്ങളുടെ/ കമ്പനികളുടെ പേരിലോ തുക നിക്ഷേപിക്കാവുന്നതാണ്.

4. നേട്ടം സ്ഥിര നിക്ഷേപ പദ്ധതിയുടെ പലിശ നിരക്ക് താഴെ കൊടുത്തിരിക്കുന്നു

| കാലാവധി | വാർഷിക പലിശ നിരക്ക് |
|---|---|
| 400 ദിവസം | 8% |

5. കാലാകാലങ്ങളിൽ നിലവിലുള്ള ഇൻകം ടാക്സ് നിയമങ്ങളനുസരിച്ച് ' വരുമാന നികുതി '(TDS) ഈടാക്കുന്നതാണ്.

6. കൂട്ടായ നിക്ഷേപങ്ങൾ ആണെങ്കിൽ ആദ്യത്തെ പേരുകാരൻ / അല്ലാത്തപക്ഷം ജീവിച്ചിരിക്കുന്നയാൾക്ക് യഥാസമയം പലിശ നൽകുന്നതാണ്.

7. കമ്പനി നൽകുന്ന നിക്ഷേപ രശീതി കൈമാറ്റം ചെയ്യാൻ കഴിയുന്നതല്ല

8. നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാവുമ്പോൾ നിക്ഷേപകൻ താത്പര്യം അറിയിക്കുന്നപക്ഷം ക്ലോസ്സ് ചെയ്ത് പുതിയ നിക്ഷേപമാക്കി മാറ്റാവുന്നതാണ്. അപ്പോൾ നിലവിലുള്ള പലിശ നിരക്കാണ് നിക്ഷേപത്തിന് ബാധകമാവുക. നിക്ഷേപങ്ങൾക്ക് കൂട്ടു പലിശ അനുവദിക്കുന്നതല്ല

9. നിക്ഷേപത്തിന്റെ കാലാവധി പൂർത്തിയാവുന്ന തിയ്യതി നിക്ഷേപ രശീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപം കാലാവധി പൂർത്തിയാവുന്നതിനെ കുറിച്ച് മറ്റൊരറിയിപ്പ് നൽകുന്നതല്ല. കാലാവധി പൂർത്തിയാവുമ്പോൾ നിക്ഷേപം പിൻവലിക്കാൻ ഉദ്ദേശിക്കുന്ന പക്ഷം നിക്ഷേപ രശീതിയുടെ പുറകിൽ റവന്യൂ സ്റ്റാമ്പ് പതിപ്പിച്ച് അതിനു മുകളിലൂടെ ഒപ്പുവെച്ച് ഡിസ്ചാർജ്ജ് ചെയ്ത് നിക്ഷേപ രശീതി, നിക്ഷേപം തുടങ്ങിയ അതേ ശാഖയിൽ സമർപ്പിക്കേണ്ടതാണ്.

10. സ്ഥിര നിക്ഷേപം കാലാവധിക്കു മുൻപ് പിൻവലിക്കുന്നതിനുള്ള നിയമങ്ങൾ
    a. പ്രത്യേക സാഹചര്യത്തിൽ കമ്പനിയ്ക്കു ബോധ്യമാവുന്ന കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നിക്ഷേപം കാലാവധി പൂർത്തിയാവുന്നതിനു മുൻപ് പിൻവലിക്കാനാവൂ.
    b. നിക്ഷേപിച്ച് 1മാസം കഴിഞ്ഞാണ് പിൻവലിക്കുന്നതെങ്കിൽ, നിക്ഷേപം കാലാവധി പൂർത്തിയാക്കിയ കാലയളവിനു നിലവിലെ സുഗമ പലിശയാണ് ലഭ്യമാവുക.

| കാലാവധി | പലിശ നിരക്ക് |
|---|---|
| ഒരു മാസത്തിന് താഴെ | പലിശ ഇല്ല |
| ഒരു മാസം മുതൽ കാലാവധിയ്ക്കു മുൻപ് | നിലവിലെ സുഗമ നിക്ഷേപ പലിശ |

നിക്ഷേപകന്റെ ഒപ്പ്